**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 258

# ഇന്ദ്രിയാതീതാവസ്ഥ

**THE STATE OF 'TRANSCENDENCE'**

**സെപ്തംബർ 12, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### ഇന്ദ്രിയാതീതാവസ്ഥ
### THE STATE OF TRANSCENDENCE

നമുക്ക് ചില പ്രത്യേക ആവശ്യങ്ങളുണ്ടെങ്കിൽക്കൂടി, നാം ഇന്ദ്രിയാതീതാവസ്ഥ(State of transcendence)യിലേക്ക് പോകുമ്പോൾ, ഒരുവന് തോന്നുന്നു, "എനിക്ക് ആവശ്യമുള്ളതൊക്കെയുണ്ടെങ്കിൽ, അത് വളരെ നന്ന്. എന്നിരിക്കിലും ഈശ്വരന് നന്ദി, അതൊക്കെ ഇല്ലെങ്കിൽപ്പോലും എനിക്ക് മുന്നോട്ടു പോവാനാവും." നാം ഇന്ദ്രിയങ്ങൾക്കപ്പുറം പോകുമ്പോഴാണ് ഇങ്ങനെ സംഭവിക്കുക. ഇന്ദ്രിയാതീതാവസ്ഥ(Transcendence) സാധ്യമാവുക തികഞ്ഞ ധാരണ(understanding)യുള്ളപ്പോഴാണ്. നമുക്ക് പരിമിതികൾക്കപ്പുറം കടക്കാനാവാത്തപ്പോൾ, അത് ധാരണക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ശരിയായ ധാരണയോടെ, ഒരുവന് ഇന്ദ്രിയാതീതനാവുന്നതിന് കഴിയും.




ബാബയാണ് നമുക്ക് പ്രഥമപ്രധാനം എങ്കിൽ, പുട്ടപർത്തിയിലെ ആഹാരവും താമസവുമൊക്കെ രണ്ടാമത്തെ സംഗതികളാവും. നമുക്ക് ഈ മനോഭാവമാണുള്ളതെങ്കിൽ, ഇവിടെ വരുന്നതിന്റെ ശരിക്കുള്ള പൊരുൾ നമുക്ക് മനസ്സിലായി എന്നർത്ഥം. ഭഗവാനെ സേവിക്കുക എന്നതാണ് പ്രാഥമികമായിട്ടുള്ളത്. ഈ ധാരണയിൽനിന്നും നാം ഇന്ദ്രിയാതീതാവസ്ഥയിലേക്ക് കടക്കുന്നു, ബാധകൾ(obsessions)ക്കപ്പുറം പോവുക എന്നതല്ലാതെ മറ്റൊന്നല്ല അത്. പൂർണ്ണ സ്വീകാരത്തിൽ(total acceptance)നിന്ന്, ഉദാത്തമായ മൗനത്തിന്റെ സ്രോതസ്സിൽനിന്ന്, പ്രഭുവിന്റെ കൃപകൊണ്ട്, ഇത് സാധ്യമാവുന്നു.

ചില ആളുകൾ സന്തോഷത്തിലായിരിക്കുന്നതിനു കാരണം പൂർണ്ണ സ്വീകാര(Total acceptance)മാണ്. ഭഗവാൻ എല്ലായ്പോഴും, വളരെ വിദൂരത്തുനിന്നു വരുന്ന ധാരാളം ഭക്തരെക്കുറിച്ച്, പ്രത്യേകിച്ച് വിദേശികളെക്കുറിച്ച്, പരാമർശിക്കാറുണ്ട്. അവിടുന്ന് എപ്പോഴും പറയുന്നു, "വിദേശികളുടെ മുഖത്തു നോക്കൂ. അവർ പുഞ്ചിരിക്കുന്ന മുഖവുമായാണ് വരുന്നത്. അവർ വളരെ സന്തോഷവാന്മാരാണ്. ഒരു ഇന്റർവ്യൂവിനായി ഞാൻ ഒന്നോ രണ്ടോ പേരെ മാത്രമേ വിളിക്കാറുള്ളൂ എങ്കിൽക്കൂടി, ആ ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും സന്തോഷമാണ്. "നിങ്ങൾക്കു സുഖമാണോ?" എന്ന് ഞാൻ ചോദിക്കുകയാണെങ്കിൽ,



സ്വാമി ഹംഗറിയിൽ നിന്നുള്ള ഭക്തർക്കൊപ്പം

അവർക്കെല്ലാം സന്തോഷമാണ്. "നിങ്ങൾ എപ്പോഴാണ് വന്നത്?" എന്ന് ഞാൻ ചോദിക്കുകയാണെങ്കിൽ, എല്ലാവർക്കും സന്തോഷമാവും. വാസ്തവത്തിൽ, ഇന്റർവ്യൂ ലഭിച്ച വ്യക്തിയെ അവർ ഹസ്തദാനം ചെയ്യും എന്തെന്നാൽ, ആ ദിവ്യ പ്രകമ്പനം അവർക്കുള്ളിലും പ്രവേശിക്കും! അതാണവരുടെ സന്തോഷത്തിന്റെ നില; അതേസമയം, ഞാൻ നിങ്ങൾക്കിടയിലുണ്ടെങ്കിലും, ഓരോ ദിവസവും നിങ്ങളുടെ ഇടയിലൂടെ നടക്കുകയും നിങ്ങളോടു സംസാരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, നിങ്ങൾ സന്തോഷവാന്മാരല്ല. എന്താണ് പ്രയോജനം?"

അപ്പോൾ, നമുക്ക് സന്തോഷമില്ലാത്തതിനു കാരണം നമ്മുടെ അതൃപ്തി (discontentment), ധാരണയില്ലായ്മ, പ്രതീക്ഷകൾ, ബാധകൾ, പിന്നെ നമ്മുടെ വ്യാജ പ്രതിച്ഛായയും വ്യക്തിത്വവും ഇവ കാരണമാണ്. ഭഗവാൻ നമ്മോട് സംസാരിക്കുമോ ഇല്ലയോ എന്നതിൽ നമുക്ക് ആകാംക്ഷയില്ല, പക്ഷേ മറ്റുള്ളവർ നമ്മെപ്പറ്റി എന്തു കരുതും എന്നതിലാണ് നമ്മുടെ ആധി.

മറ്റുള്ളവർ നമ്മളെ ചോദ്യം ചെയ്യുമ്പോൾ, നമുക്ക് ഒരു കഥ



കെട്ടിച്ചമയ്ക്കേണ്ടിവരുന്നു. അതിനാൽ, പൊതുജനാഭിപ്രായത്തെക്കുറിച്ചാണ് നമുക്ക് ഭയം എന്തെന്നാൽ, എന്തെങ്കിലും കാരണം കൊണ്ട് നമ്മുടെ പ്രതിച്ഛായ ചുരുങ്ങിയേക്കാം. നമ്മുടെ അഹന്തയെയും പൊങ്ങച്ചത്തെയും ബാധിക്കുന്ന തരത്തിൽ, നമ്മുടെ വ്യാജ വ്യക്തിത്വം(false personality) മൊത്തത്തിൽ തകർന്നുപോയേക്കുമെന്ന് നമ്മൾ ഭയപ്പെടുന്നു. ഇന്റർവ്യൂ പകർന്നു നൽകിയേക്കാവുന്ന പ്രയോജനത്തിനേക്കാളധികമാണ് അത്തരം ആധി! നിരവധി ആളുകളുടെ അനുഭവം ഇതാണ്. വസ്തുത എന്തെന്നാൽ, ഈ വ്യാജ പ്രതിച്ഛായ(false image)യും അതിന്റെ സകല അനുബന്ധ ലക്ഷണങ്ങളും കാരണം, സന്തോഷം അപ്രത്യക്ഷമാകുന്നു.

## സാധന

നമ്മൾ രണ്ടു രീതിയിലാണ് ആദ്ധ്യാത്മിക ചര്യകൾ ചെയ്യുക: ഒന്ന് മനസ്സുകൊണ്ട്, മറ്റേത് ഹൃദയം കൊണ്ട്. മനസ്സുകൊണ്ട് ഒരുവൻ എങ്ങനെയാണ് ആദ്ധ്യാത്മിക ചര്യകൾ ചെയ്യുക? ചില ആളുകളുണ്ട്, അവർക്ക് ഒറ്റയടിക്ക് കവിതകൾ ചൊല്ലാനാവും, ചിലർക്ക് നിർത്താതെ മന്ത്രങ്ങൾ ജപിക്കാനാവും. ഇതെല്ലാം മനസ്സുകൊണ്ടാണ് സാധിക്കുക. മനസ്സുകൊണ്ട് അനുഷ്ഠിക്കുന്ന ആദ്ധ്യാത്മികചര്യ നിഷ്പ്രയോജനവും വ്യർത്ഥവുമാണ്, അത് നമ്മെ പരാജയത്തിലേക്ക് നയിക്കും. ഇത് എന്തുകൊണ്ടെന്നാൽ, ആദ്ധ്യാത്മികത മനസ്സിന് അതീതമാണ്.






നമ്മൾ മനസ്സല്ല! ഭഗവാൻ പറയുന്നു, ‘‘മനസ്സ് ഒരു ഭ്രാന്തൻ കുരങ്ങിനെപ്പോലെയാണ്. ശരീരം ഒരു നീർക്കുമിള പോലെയാണ്.’’ അതുകൊണ്ട്, മനസ്സുകൊണ്ട് ചെയ്യുന്ന ആദ്ധ്യാത്മികചര്യ വ്യർത്ഥമാണ്. ഈശ്വരനും ആദ്ധ്യാത്മികതയും മനസ്സിന് അതീതമാണ്, മനസ്സെന്നത് ഈഗോ അല്ലാതെ മറ്റൊന്നുമല്ല.

ഞങ്ങൾ ഇന്നതിന്നതു ചെയ്തു എന്ന് അവകാശപ്പെടുന്ന ആളുകൾ, വാസ്തവത്തിൽ, അവരിപ്പോഴും മനസ്സിന്റെ പരിധികൾക്കുള്ളിലാണ്. കർമ(doing)ത്തിന്റെ എല്ലാ അവകാശവാദവും മനസ്സിൽനിന്നാണ് ഉയരുന്നത്-ആരാധന ചെയ്യുക,

പ്രാർത്ഥന ഉരുവിടുക ഇങ്ങനെ. അപ്രകാരം ചെയ്യുന്നതിലൂടെ, നമ്മൾ ലോകക്ഷേമത്തിന് ഒന്നും സംഭാവന ചെയ്യുകയല്ല! അതെല്ലാം മനസ്സിൽനിന്ന് ഉയരുന്നതാണ്.

മനസ്സ് ഒരുവട്ടം സാധന തുടങ്ങുമ്പോൾ, അത് സ്വയം സ്മരണയുടെ അവസ്ഥയിൽ മുങ്ങിപ്പോവുന്നു. അത് മുൻവർഷങ്ങളിലെ സംഭവങ്ങളും വസ്തുക്കളും ഓർത്തെടുക്കുന്നു. മനസ്സെന്നത് ഓർമ്മയല്ലാതെ മറ്റൊന്നുമല്ല, ആ ഓർമ്മ വാക്കുകളിലൂടെ അഥവാ അക്ഷരങ്ങളിലൂടെ സ്വയം പ്രകടമാവുകയാണ്.

ജപം, കീർത്തനം, ആലാപനം ഇവയൊക്കെ ഓർമ്മയിൽനിന്നാണ് ജനിക്കുക. ആവർത്തനം വിരസവും യാന്ത്രികവും നിത്യാനുഷ്ഠാനവുമാകുന്നു.

മനസ്സുകൊണ്ട് ചെയ്യുന്ന ഓരോ കാര്യവും ഒരു യന്ത്രത്തിന്റെ തലത്തിലേക്ക് താഴുന്നു. അത്തരം യാന്ത്രികമായതും അനുഷ്ഠാനമായതുമായ പ്രവൃത്തിയിൽ സൗന്ദര്യം, പുതുമ, ആവേശം അഥവാ അതിശയം ഇല്ല. അത് ഇന്നലെ ഒന്നുതന്നെയായിരുന്നു, ഇന്നും അതുതന്നെയായി തുടരുന്നു.



നമ്മുടെ ജീവിതങ്ങൾ യാന്ത്രികമാവുമ്പോൾ, ജീവിതം ജീവിക്കാൻ യോഗ്യമല്ലാതാവുന്നു. കുടുംബജീവിതമാവട്ടെ, ഔദ്യോഗിക ജീവിതമാവട്ടെ, സാമൂഹ്യമോ മതാത്മകമോ ആയ ജീവിതമാവട്ടെ, അത് യാന്ത്രികമായിക്കൂടാ. അത്തരം അസ്തിത്വം മരണമാകുന്നു. ഷെഡ്യൂൾ പ്രകാരം നീങ്ങുന്ന ജീവിതത്തിന് മനോജ്ഞതയില്ല, അത് മാറേണ്ടതാവശ്യമാണ്.

## ഹൃദയംകൊണ്ടുള്ള സാധന

നമ്മൾ ഹൃദയം കൊണ്ട് സാധന ചെയ്യുമ്പോൾ, ഓർമ്മയല്ല വിഷയം, പൊരുളാണ് കണക്കിലാക്കപ്പെടുക. ശരിയായ പൊരുൾ അനുഭവിക്കാനാണ് നാം ആഗ്രഹിക്കേണ്ടത്, അല്ലാതെ കേവലം നാമം ഓർക്കാനല്ല.

നാം ഭജന പാടുമ്പോൾ, നമ്മൾ 'കൃഷ്ണ'ന്റെ പൊരുളിലാണ് ധ്യാനിക്കേണ്ടത്, അതിനർത്ഥം, 'ആശകളുടെ ദാഹം ശമിപ്പിക്കുന്നവൻ അഥവാ നിറവേറ്റുന്നവൻ' എന്നാണ്. നാം കൃഷ്ണാ, കൃഷ്ണാ എന്നു പാടുമ്പോൾ, അപ്പോളത്, കുറേക്കൂടി

അർത്ഥപൂർണമാവും! അത്തരം ഭാവങ്ങൾ നമ്മുടെ ഹൃദയത്തിൽനിന്ന് നേരിട്ടു വരുന്നു, നമ്മുടെ ഭക്തിക്ക് ആലംബമാവുന്നു.

നാം ഹൃദയത്തെ അടിത്തറയാക്കുമ്പോൾ നമുക്ക് യഥാർത്ഥ പൊരുളും ഭാവവും വെളിവായിക്കിട്ടും. ഇത് മനസ്സിൽനിന്ന് വ്യത്യസ്തമാണ്, അത് ഓർമ്മകൊണ്ടു മാത്രമാണ് പ്രവർത്തിക്കുന്നത്. നാം അർത്ഥത്തെപ്പറ്റി വിചിന്തനം ചെയ്ത് പൊരുളറിഞ്ഞാൽ എന്താണ് സംഭവിക്കുക? അപ്പോൾ നാം ജപിക്കുന്ന മന്ത്രം ഏതുമായിക്കൊള്ളട്ടെ, അതൊരു ഗാനമായിത്തീരുന്നു. നാം കേൾക്കുന്നതും വായിക്കുന്നതും ചെയ്യുന്നതും എന്തു തന്നെ ആയിരുന്നാലും, അത് കവിതയും സംഗീതവുമാകുന്നു. അത് ജീവിതത്തിന് വശ്യത, സൗന്ദര്യം, ആകർഷകത്വം, ചടുലത നൽകുന്നു എന്തെന്നാൽ, ഹൃദയം അടിത്തറ, സ്ക്രീൻ അഥവാ ബാക്ഡ്രോപ്പ് ആയിത്തീർന്നിരിക്കുന്നു. ഹൃദയത്തിന്റെ ആ വേദിയിൽ നാം നൃത്തം ചെയ്യുന്നു.




നാം മനസ്സിനെ തിരസ്കരിക്കുമ്പോൾ, എന്താണ് സംഭവിക്കുന്നത്? നാം ചെയ്യുന്നതെന്തും, കേവലം ഒരു ലക്ഷ്യം മാത്രമല്ല. ഭജനയ്ക്കുവേണ്ടി മാത്രമാണ് നാം ഭജന പാടുന്നത്. ഭജന പാടുന്നത് ഒരു ലക്ഷ്യത്തിലേക്കുള്ള മാർഗമാണ്, ലക്ഷ്യമെന്നത് ആനന്ദമാകുന്നു. നാം പൂജ ചെയ്യുന്നതും പുസ്തകം വായിക്കുന്നതും ആനന്ദമയരാകാൻ മാത്രമാണ്.
അതിനാൽ, എല്ലാ ആദ്ധ്യാത്മിക സാധനയും ഒരു ലക്ഷ്യത്തിലേക്കുള്ള മാർഗമാണ്, സ്വയം ഒരു ലക്ഷ്യമല്ല. അത് കേവലം ഒരു വാഹനമാണ്.

ഒരു കാർ എന്നത് നമ്മെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനുള്ള ഒരു മാർഗം മാത്രമാണ്. അതൊരു മാർഗം മാത്രമാണ്, സ്വയം ഒരു ലക്ഷ്യമല്ല. നമ്മെ ആ ആനന്ദാവസ്ഥയിൽ എത്തിക്കുന്നതിനുള്ള വാഹനമായി ഹൃദയം ഓരോന്നിനെയും വീക്ഷിക്കും.

നാം ഇനി ഈ ആയിത്തീരലിൽ(becoming) നിന്നു പുറത്തുകടന്നിട്ട്, ആവണം, സത്ത(being)യിലേക്ക് കടക്കണം. ഹൃദയാധിഷ്ഠിതമായ സാധന അനുഷ്ഠിച്ചാൽ നമുക്കിത് പറ്റും, മനോധിഷ്ഠിതമല്ല. ഹൃദയംകൊണ്ടുള്ള ഈ അഭിവിന്യാസം നമ്മെ ശരിക്കും ഊർജസ്വലരാക്കി മാറ്റും, നമ്മുടെ ജീവിതം ആവേശകരവും പ്രകമ്പനം കൊള്ളിക്കുന്നതും ജീവിതയോഗ്യവും ആക്കിത്തീർക്കും. അപ്പോൾ ജീവിതം ഒരിക്കലും വിരസമാവില്ല.

## തുറന്ന മനസ്സോടെയുള്ള കേൾക്കൽ

ആദ്ധ്യാത്മിക പ്രവർത്തനത്തിന് മൂന്ന് പ്രധാന കാര്യങ്ങൾ ആവശ്യമുണ്ട്: ആദ്യത്തേത് ശ്രവണം(listening) ആണ്. ഒരുവൻ ക്ഷമയോടെ കേൾക്കണം. നിർഭാഗ്യവശാൽ, നമ്മളങ്ങനെ ചെയ്യാറില്ല. നമ്മൾ ചിന്തിച്ചുകൊണ്ടാണ് കേൾക്കുക. നാം ചിന്തിക്കുന്നു, എന്നിട്ട് കേൾക്കുന്നു. അതുകൊണ്ട് നാം ചിന്തിക്കുന്നില്ല, നാം കേൾക്കുന്നതുമില്ല. പ്രഭാഷകനെ എതിർക്കുന്നതിനായാണ് നാം കേൾക്കുന്നത്, നമ്മളത് മുൻവിധിയോടെയും പക്ഷപാതത്തോടെയുമാണ് ചെയ്യുന്നത്. നമ്മുടെ ശ്രവണപ്രക്രിയ യാതൊരു സ്വീകരണക്ഷമത(receptivity)യുമില്ലാതെ, പൂർണമായും നെഗറ്റീവാണ്. അത്തരമൊരു സാഹചര്യംകൊണ്ട് നമുക്ക് പ്രയോജനമൊന്നുമില്ല.



പരിപൂർണ നിശ്ശബ്ദതയിലും സ്വീകാര മനോഭാവത്തിലും, തുറന്ന മനസ്സോടെയുള്ള ശ്രവണം(listening with open-mindedness) ആദ്ധ്യാത്മികമാണ്.

അതുകൊണ്ട്, നാം ഭഗവാനെ കേൾക്കുമ്പോൾ, നാം അവിടുന്നിനെ വെറുതെ കേട്ടാൽ പോരാ. നാം അവിടുന്നിനെ ശ്രദ്ധിക്കണം. നമ്മോടു പറയപ്പെട്ട ചില നിസ്സാരമായ കാര്യങ്ങൾ കേട്ടിട്ട് മറന്നുകളയാം, പക്ഷേ മറ്റു ചില കാര്യങ്ങളുണ്ട്, അവ നാം ശ്രദ്ധിക്കുകയും ജീവിതകാലത്തേക്ക് ഓർത്തുവയ്ക്കുകയും വേണം!

പ്രഫസർ അനിൽകുമാർ കൂടുതൽ ആദ്ധ്യാത്മിക രത്നങ്ങൾ അടുത്ത ലക്കത്തിൽ പകരുന്നതാണ്.
നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (***Sai-Chology*** പേജ് 79-84)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)